**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഇടുക്കി ജില്ലയിലെ കൊന്നത്തടി ഗ്രാമപഞ്ചായത്തിലെ സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2009-10 വർഷത്തെ റിപ്പോർട്ട് ഖണ്ഡിക 3.4, 2010-11 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.5,3.8,3.13,3.15 - ചെലവുകൾക്ക് സാധൂകരണം നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്

**സ.ഉ (സാധാ)നം.922/2019/തസ്വഭവ.** **തിരുവനന്തപുരം, തീയതി.19.05.2020.**

പരാമർശം:- 1) ഇടുക്കി ജില്ലയിലെ കൊന്നത്തടി ഗ്രാമപഞ്ചായത്തിലെ സെക്രട്ടറിയുടെ 28.01.2016 തീയതിയായി സമർപ്പിച്ച എ 1- 5389/13 നമ്പർ കത്തുകൾ.

2) പഞ്ചായത്ത് ഡയറക്ടറുടെ 30.06.2016 തീയതിയിലെ എം3-9338/16 നമ്പർ കത്ത്.

3) സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറുടെ 21.01.2017 ലെ കെ.എസ്.എ. 7858/പി.റ്റി.2/2016 നമ്പർ കത്ത്.

## ഉത്തരവ്

ഇടുക്കി ജില്ലയിലെ കൊന്നത്തടി ഗ്രാമപഞ്ചായത്തിലെ 2009-10 വർഷത്തെ സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് പരിശോധനയിൽ ഓഡിറ്റ് ഖണ്ഡിക 3.4 പ്രകാരം 84,640/- (എൺപത്തി നാലായിരത്തി അറുന്നൂറ്റി നാൽപത് രൂപ മാത്രം) രൂപയും 2010-11 വർഷത്തെ ഓഡിറ്റ് പരിശോധനയിൽ ഖണ്ഡിക 3.5 പ്രകാരം 54,400/- (അൻപത്തി നാലായിരത്തി നാന്നൂറ് രൂപ മാത്രം) രൂപയും ഖണ്ഡിക 3.8 പ്രകാരം 84,000/- (എൺപത്തി നാലായിരം രൂപ മാത്രം) രൂപ, 84,000/- (എൺപത്തി നാലായിരം രൂപ മാത്രം) രൂപ, 56,000/- (അൻപത്തി ആറായിരം രൂപ മാത്രം) രൂപ, 1,05,683/- (ഒരു ലക്ഷത്തി അയ്യായിരത്തി അറുന്നൂറ്റി എൺപത്തി മൂന്ന് രൂപ മാത്രം) രൂപ എന്നീ തുകകളും ഖണ്ഡിക 3.13 പ്രകാരം 59,422/- (അൻപത്തി ഒമ്പതിനായിരത്തി നാനൂറ്റി ഇരുപത്തി രണ്ട് രൂപ മാത്രം)രൂപയും ഖണ്ഡിക 3.15 പ്രകാരം 39,999/- (മുപ്പത്തി ഒൻപതിനായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റി ഒൻപത് രൂപ മാത്രം) രൂപയും നിരാകരിച്ചിരുന്നു.വിട്ടുകിട്ടിയ സ്ഥാപനങ്ങളിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന ജീവനക്കാർക്ക് ഗ്രാമപഞ്ചായത്തിന്റെ ഫണ്ടിൽ നിന്നും വേതനം നൽകാൻ വ്യവസ്ഥയില്ലെന്നിരിക്കെ പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ആംബുലൻസ് ഡ്രൈവർക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്നും ശമ്പളം നൽകുന്നതിന് കൊന്നത്തടി ഗ്രാമപഞ്ചായത്ത് ചെലവഴിച്ച 84,640/- രൂപ 2009-10 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.4 പ്രകാരവും 54,400/- രൂപ 2010-11 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.5 പ്രകാരവും ജലസേചന പദ്ധതികൾക്കായി നടപ്പിലാക്കിയ പ്രവൃത്തികളിൽ കുടിവെള്ള വിതരണത്തിനായി പൊതു ടാപ്പുകൾ നിർമ്മിച്ച് നൽകിയതുമായി ബന്ധപ്പെട്ട് വിവിധ പദ്ധതികൾക്കായി, യഥാക്രമം ചെലവഴിച്ച 84,000/- രൂപ,

84,000/- രൂപ, 56,000/- രൂപ, 1,05,683/- രൂപ എന്നീ തുകകൾ 2010-11 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.8 പ്രകാരവും മുനിയറ ഹോമിയോ ആശുപത്രി വികസനത്തിനായി വകയിരുത്തിയിരുന്ന തുക കൂട്ടി ഉൾപ്പെടുത്തി കെയ്ക്കോയിൽ നിന്നും കംപ്യൂട്ടർ വാങ്ങിയതിനായി ചെലവഴിച്ച 59,422/- രൂപ 2010-11 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.13 പ്രകാരവും കെയ്ക്കോയിൽ നിന്നും കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങാൻ വ്യവസ്ഥയില്ലെന്നിരിക്കെ ആയത് വാങ്ങിയതിനായി ചെലവഴിച്ച 39,999/- രൂപ 2010-11 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.15 പ്രകാരവും ആണ് ഓഡിറ്റ് വകുപ്പ് നിരാകരിച്ചിരുന്നത്. തുടർന്ന് ഇപ്രകാരമുള്ള ഓഡിറ്റ് തടസ്സപ്പെടുത്തലുകളെ തുടർന്ന് ടി ഓഡിറ്റ് ഖണ്ഡികകൾ സാധൂകരിക്കുന്നതിലേയ്ക്കായി കൊന്നത്തടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം (1) മുഖേനയുള്ള അപേക്ഷ ഉചിത മാർഗ്ഗേന പഞ്ചായത്ത് ഡയറക്ടർക്ക് അയച്ചുകൊടുക്കുകയും ആയതിൻമേൽ അനുകൂല ശിപാർശ രേഖപ്പെടുത്തി പഞ്ചായത്ത് ഡയറക്ടർ ടി അപേക്ഷ സർക്കാരിൽ പരാമർശം (2) മുഖേന സമർപ്പിക്കുകയുണ്ടായി. സർക്കാർ പ്രസ്തുത സാധൂകരണ അപേക്ഷയിൻമേൽ സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെടുകയും ഓഡിറ്റ് വകുപ്പ് ആയത് പരാമർശം (3) പ്രകാരം സർക്കാരിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

**2.** ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ടിൽ, ഈ വിഷയവുമായി ബന്ധപ്പെട്ട് 1.7.13, 28.1.16 തീയതികളിലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനങ്ങൾ പരിഗണിച്ച് സാധൂകരണം അനുവദിക്കുന്ന കാര്യത്തിൽ യുക്തമായ തീരുമാനം സർക്കാർ തലത്തിൽ കൈക്കൊള്ളാവുന്നതാണെന്ന് ഓഡിറ്റ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

**3.** ഇക്കാര്യം സർക്കാർ വ്യക്തമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ സാധൂകരണം നൽകുന്ന കാര്യത്തിൽ അനുകൂല തീരുമാനം രേഖപ്പെടുത്തിയിട്ടുള്ള പഞ്ചായത്ത് കമ്മിറ്റി തീരുമാനങ്ങൾ പരിഗണിച്ചും യുക്തമായ തീരുമാനം സർക്കാർ തലത്തിൽ കൈക്കൊള്ളാവുന്നതാണെന്ന ഓഡിറ്റ് ഡയറക്ടറുടെ അഭിപ്രായം കണക്കിലെടുത്തും ഇടുക്കി ജില്ലയിലെ കൊന്നത്തടി ഗ്രാമപഞ്ചായത്തിലെ 2009-10 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.4 പ്രകാരം തടസ്സപ്പെടുത്തിയിട്ടുള്ള 84,640/- (എൺപത്തി നാലായിരത്തി അറുന്നൂറ്റി നാൽപത് രൂപ മാത്രം) രൂപയും 2010-11 വർഷത്തെ ഓഡിറ്റ് പരിശോധനയിൽ ഖണ്ഡിക 3.5 പ്രകാരം തടസ്സപ്പെടുത്തിയിട്ടുള്ള 54,400/- (അൻപത്തി നാലായിരത്തി നാന്നൂറ് രൂപ മാത്രം) രൂപയും 2010-11 വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.8 പ്രകാരം തടസ്സപ്പെടുത്തിയിട്ടുള്ള 84,000/- (എൺപത്തി നാലായിരം രൂപ മാത്രം) രൂപ, 84,000/- (എൺപത്തി നാലായിരം രൂപ മാത്രം) രൂപ, 56,000/- (അൻപത്തി ആറായിരം രൂപ മാത്രം) രൂപ, 1,05,683/- (ഒരു ലക്ഷത്തി അയ്യായിരത്തി അറുന്നൂറ്റി എൺപത്തി മൂന്ന് രൂപ മാത്രം) രൂപ എന്നീ തുകകൾക്കും 2010-11

വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.13 പ്രകാരം തടസ്സപ്പെടുത്തിയിട്ടുള്ള 59,422/- (അൻപത്തി ഒമ്പതിനായിരത്തി നാനൂറ്റി ഇരുപത്തി രണ്ട് രൂപ മാത്രം) രൂപയും 2010-11 വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.15 പ്രകാരം തടസ്സപ്പെടുത്തിയിട്ടുള്ള 39,999/- (മുപ്പത്തി ഒൻപതിനായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റി ഒൻപത് രൂപ മാത്രം) രൂപയും സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**

**ജെയ്സി പോൾ**
**അണ്ടർ സെക്രട്ടറി**

സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
സെക്രട്ടറി, കൊന്നത്തടി ഗ്രാമപഞ്ചായത്ത്, ഇടുക്കി
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്കവകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ**